## പതിനാലാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി VIII
# (സാമ്പത്തിക കാര്യങ്ങൾ)

## 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ചചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്

2017 മേയ് 24-ാം തീയതി സമർപ്പിച്ചത്


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VIII
# (സാമ്പത്തിക കാര്യങ്ങൾ)

**2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ചചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്

822/2017.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VIII
## (സാമ്പത്തിക കാര്യങ്ങൾ)
## (2016 - 2018)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ഡോ. ടി. എം. തോമസ് ഐസക്,
ധനകാര്യവും കയറും വകുപ്പുമന്ത്രി.

<u>എക്സ് - ഒഫീഷ്യോ അംഗം</u>:

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,
തൊഴിലും എക്സൈസും വകുപ്പുമന്ത്രി.

ശ്രീ. ജി. സുധാകരൻ,
പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>:

| | |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ, | എം.എൽ.എ. |
| ഡോ. എൻ. ജയരാജ്, | ,, |
| ശ്രീ. വി. കെ. സി. മമ്മത് കോയ, | ,, |
| ശ്രീ. ഡി. കെ. മുരളി, | ,, |
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, | ,, |
| ശ്രീ. മുല്ലക്കര രത്നാകരൻ, | ,, |
| ശ്രീ. വി. ഡി. സതീശൻ, | ,, |
| ശ്രീ. കെ. സുരേഷ് കുറുപ്പ്, | ,, |

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. ഗോപകുമാരൻ പിള്ള, ജോയിന്റ് സെക്രട്ടറി

ശ്രീമതി ലീമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ)-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2016-17), 26-9-2017-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും സമിതിക്ക് നാളിതുവരെ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ 22-5-2017-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്ന ഈ റിപ്പോർട്ടിലെ ഭാഗം 1-ൽ 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളും ആണ് ഉൾക്കൊള്ളിച്ചിരിക്കുന്നത് ഭാഗം 2-ൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങൾ വകുപ്പ് തിരിച്ചും ഉൾപ്പെടുത്തിയിരിക്കുന്നു.

2017 മേയ് 22-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഡോ. ടി. എം. തോമസ് ഐസക്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2017 മേയ് 22.

# റിപ്പോർട്ട്

ഭാഗം 1

## 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടും

### ധനാഭ്യർത്ഥന നമ്പർ V

### കാർഷികാദായ നികുതിയും വിൽപ്പന നികുതിയും

ശിപാർശ (ഖണ്ഡിക 13)

2045-00-103-99 (06)—ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ്-വാടക-കരം-നികുതി

ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ് വകുപ്പിൽ വാടക കുടിശ്ശികയിനത്തിൽ അധിക തുക ആവശ്യമുള്ളതിനാൽ 5.01 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്തതനുസരിച്ച് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ വാടക കുടിശ്ശിക തീർപ്പാക്കുന്നതിന് 2045-00-103-99 (06) RRT (NP) എന്ന ശീർഷകത്തിൽ 5,01,000 രൂപയുടെ അധിക ചെലവ് അനുവദിക്കുകയും ഈ അധിക ചെലവ് 2016-17-ലെ അവസാന റീ അപ്രോപ്രിയേഷനിലൂടെ പുനഃക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. എന്നാൽ പല കെട്ടിടങ്ങളുടെയും വാടക പുതുക്കി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ 2016-2017 സാമ്പത്തിക വർഷത്തിൽ 2045-00-103-99 (06) RRT (NP) എന്ന ശീർഷകത്തിൽ അനുവദിച്ച 25 ലക്ഷം രൂപയിൽ നിന്നും 19,34,424 രൂപയേ ചെലവഴിച്ചിട്ടുള്ളൂ. അതിനാൽ അഡീഷണൽ ആതറൈസേഷനായി ലഭിച്ച 5.01 ലക്ഷം രൂപ റീ അപ്രോപ്രിയേറ്റ് ചെയ്തിട്ടില്ല എന്നും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അറിയിച്ചിരിക്കുന്നു.

822/2017.

## ധനാഭ്യർത്ഥന നമ്പർ VII

## മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

### ശിപാർശ (ഖണ്ഡിക 14)

2030-01-101-99—സ്റ്റാമ്പിന്റെ വില

രജിസ്ട്രേഷൻ ഫീസ് കൂട്ടിയതിനാൽ ജുഡീഷ്യൽ പത്രങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്തും നാസിക് ഇന്ത്യ പ്രസ്സിൽ നൽകാനുള്ള കുടിശ്ശിക തീർക്കുന്നതിനുമായി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സർക്കാരിന്റെ 24-8-2016-ലെ ജി.ഒ. (ആർറ്റി.) നമ്പർ 7698/2016/ഫിൻ. നമ്പർ ഉത്തരവ് പ്രകാരം അധിക ധനാനുമതിയായി 2030-01-101-99-ജുഡീഷ്യൽ ശീർഷകത്തിൽ 21,98,000 രൂപ അനുവദിക്കുകയുണ്ടായി.

### ശിപാർശ (ഖണ്ഡിക 17)

2030-03-001-96-05-3—ജില്ലാ ഓഫീസുകൾ-ഓഫീസ് ചെലവുകൾ-ടെലഫോൺ ചെലവ്

രജിസ്ട്രേഷൻ വകുപ്പിന്റെ ജില്ലാ ഓഫീസുകൾക്കായി ടെലഫോൺ ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ജില്ലാ രജിസ്ട്രാർ ഓഫീസുകളുടെ ടെലഫോൺ ചാർജ്ജ് ഇനത്തിൽ ഫണ്ട് ജി.ഒ. (ആർറ്റി.) 6739/2016/ഫിൻ. തീയതി 16-8-2016 പ്രകാരം 2,00,000 രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭ്യമാക്കിയിട്ടുണ്ട് എന്ന് അറിയിച്ചുകൊള്ളുന്നു.

### ശിപാർശ (ഖണ്ഡിക 18)

2030-03-001-96-21(2)—മോട്ടോർവാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

വകുപ്പിന്റെ 14 ജില്ലാ ഓഫീസുകൾക്ക് വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ജില്ലാ രജിസ്ട്രാർ ഓഫീസുകളിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ജി.ഒ. (ആർറ്റി.) 10075/2016/ഫിൻ. തീയതി 29-12-2016 പ്രകാരം 50,000 രൂപ അഡീഷണൽ ഓതറൈസേഷൻ വഴി ലഭിച്ചിട്ടുണ്ട് എന്നറിയിക്കുന്നു.

ശിപാർശ (ഖണ്ഡിക 19)

2030-03-001-96-17—ചെറുകിട മരാമത്തുപണികൾ

സർക്കാർ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 207 സബ് രജിസ്ട്രാർ ഓഫീസുകളിൽ അത്യാവശ്യ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന മുഖേന വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സബ് രജിസ്ട്രാർ ഓഫീസുകളുടെ ചെറുകിട അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി സർക്കാരിലേക്ക് ഫിൻ. 5-10109/16, 15-12-2016 പ്രകാരം ഭരണാനുമതിയ്ക്കായി ശിപാർശ സമർപ്പിക്കുകയും അതു പ്രകാരം സർക്കാർ '2059-01-053-99-18-Maintenance and Repairs of Office Buildings' (നോൺ പ്ലാൻ) എന്ന PWD യുടെ ശീർഷകത്തിൽ 1,13,23,000 രൂപ വകയിരുത്തി ഭരണാനുമതി ലഭ്യമായിട്ടുണ്ട് എന്ന് സമിതിയെ അറിയിക്കുന്നു.

ശിപാർശ (ഖണ്ഡിക 20)

2030-03-001-95-05(3)—സബ് രജിസ്ട്രാർ ഓഫീസുകൾ-ഓഫീസ് ചെലവുകൾ-ടെലഫോൺ ചെലവ്

സംസ്ഥാനത്തൊട്ടാകെയുള്ള 314 സബ് രജിസ്ട്രാർ ഓഫീസുകളിൽ ബ്രോഡ്ബാന്റ് കണക്ഷനുകൾ ഏർപ്പെടുത്തിയിട്ടുള്ളതിന്റെ ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 12 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സബ് രജിസ്ട്രാർ ഓഫീസുകളുടെ ടെലഫോൺ ചാർജ്ജ് ഇനത്തിൽ G.O. (Rt.) 6739/16/Fin. തീയതി 16-8-2016 പ്രകാരം 5 ലക്ഷം രൂപയും G.O. (Rt.) 10075/16/Fin. തീയതി, 29-12-2016 പ്രകാരം 6 ലക്ഷം രൂപയും അഡീഷണൽ ഓതറൈസേഷൻ ആയി ലഭ്യമാക്കിയിട്ടുണ്ട് എന്ന് സമിതിയെ അറിയിക്കുന്നു.

ശിപാർശ (ഖണ്ഡിക 21)

2030-03-001-93—രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടർ വൽക്കരണം

സബ് രജിസ്ട്രാർ ഓഫീസുകളിലെ വാല്യങ്ങൾ ബൈന്റ് ചെയ്ത് കേടുകൂടാതെ സൂക്ഷിക്കുന്നതിനായി നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാലും ഒരു വാല്യത്തിന് 710 രൂപ നിരക്കിൽ 100000-ത്തോളം വാല്യങ്ങൾ ബൈന്റ് ചെയ്യാൻ ശേഷിക്കുന്നതിനാലും 5 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്തിരുന്നു. എങ്കിലും അധിക ഫണ്ട് ലഭ്യമായിട്ടില്ല.

## ധനാഭ്യർത്ഥന നമ്പർ VIII

## എക്സൈസ്

ശിപാർശ (ഖണ്ഡിക 22)

2039-00-001-99-15—രഹസ്യ സേവന ചെലവുകൾ

എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 17 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

G.O. (Rt.) 9116/2016/Fin. Dated 21-11-2016 ഉത്തരവ് പ്രകാരം 6.5 ലക്ഷം രൂപ അധികം അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 23)

2039-00-001-99-34 (3)—മറ്റ് ചെലവുകൾ-മറ്റിനം-(ചാർജ്ഡ്)

2016-17 സാമ്പത്തിക വർഷം സർക്കാർ നിർദ്ദേശ പ്രകാരം മടക്കി നൽകിയ ലൈസൻസ് തുകകളുടെ പലിശ നൽകുന്നതിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രതീക്ഷിച്ചതുപോലെ അപേക്ഷകൾ ഒന്നും ലഭിക്കാത്തതിനാൽ അധികം ചെലവിനുള്ള അപേക്ഷ സർക്കാരിൽ സമർപ്പിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 24)

2039-00-001-99-34 (3)—മറ്റ് ചെലവുകൾ-മറ്റിനം-(വോട്ടഡ്)

2016-17 സാമ്പത്തിക വർഷം ട്രെയിനിംഗ് ചെലവുകൾക്ക് മാത്രമായി 20 ലക്ഷം രൂപ നാളിതുവരെ ചെലവ് വന്നതിനാലും 200 വനിതാ സിവിൽ എക്സൈസ് ഓഫീസർമാർക്ക് കൂടി ട്രെയിനിംഗ് നൽകേണ്ടതുള്ളതിനാലും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

G.O. (Rt.) 8993/2016/Fin. Dated 17-11-2016 ഉത്തരവ് പ്രകാരം 15 ലക്ഷം രൂപയും 28-3-2017-ലെ G.O. (Rt.) 2624/2017/Fin. പ്രകാരം 19.38 ലക്ഷം രൂപയും അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 25)</u>

2039-00-001-99-44—<u>ആയുധങ്ങൾ വെടിക്കോപ്പ് സാമഗ്രികൾ</u>

എക്സൈസ് അക്കാഡമിയിലേക്ക് തോക്കുകൾ വാങ്ങുന്നതിന് ഇപ്പോൾ അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

G.O. (Rt.) 7818/2016/Fin. Dated 28-9-2016, G.O. (Rt.) 8993/2016/Fin. Dated 17-11-2016 ഉത്തരവുകൾ പ്രകാരം 4 ലക്ഷം രൂപ എക്സൈസ് അക്കാഡമിയിലേക്ക് തോക്കുകൾ വാങ്ങുന്നതിന് സർക്കാർ അധികചെലവിന് അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 26)</u>

2039-00-001-98-05-(4)—<u>റേഞ്ച് ഓഫീസുകൾ-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ</u>

എക്സൈസ് റേഞ്ച് ഓഫീസുകളുടെ ഓഫീസ് ചെലവുകൾക്ക് വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

G.O.(Rt.)8993/2016/Fin. Dated 17-11-2016 ഉത്തരവ് പ്രകാരം 5 ലക്ഷം രൂപ സർക്കാർ അധികചെലവിന് അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 27)</u>

2039-00-001-98-06—<u>വാടക, കരം, നികുതി</u>

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിച്ച് വരുന്ന എക്സൈസ് റേഞ്ച് ഓഫീസുകൾക്ക് വാടക നൽകുന്നതിന് ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

G.O. (Rt.) 1277/2017/Fin. Dated 17-2-2017 ഉത്തരവ് പ്രകാരം 5 ലക്ഷം രൂപ സർക്കാർ അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 28)</u>

2039-00-001-98-45—<u>പി.ഒ.എൽ.</u>

എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനം കൂടുതൽ ശക്തമാക്കിയിരിക്കുന്നതിനാൽ നിലവിൽ വകയിരുത്തിയ തുക തീരെ അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഫണ്ട് പൂർണ്ണമായും തീർന്ന സാഹചര്യത്തിൽ 15 ലക്ഷം രൂപ കൂടി അനുവദിക്കുന്നതിനായി സർക്കാരിലേക്ക് അപേക്ഷിച്ചിരുന്നുവെങ്കിലും സാമ്പത്തിക വർഷം അവസാനിച്ചതിനാൽ പ്രസ്തുത തുക അനുവദിക്കാൻ സാധിച്ചില്ല.

<u>ശിപാർശ (ഖണ്ഡിക 29)</u>

2039-00-001-95—<u>മദ്യാസക്തിക്കെതിരായ പ്രചരണം-സുബോധം</u>

മദ്യവിമുക്ത കേരളം എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാനത്ത് ഉടനീളം എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്ന വിവിധ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" യുടെ വിവിധ പരിപാടികൾക്കായി 7,28,95,000 രൂപ G.O. (Rt.) 8993/2016/Fin. Dated 17-11-2016 ഉത്തരവ് പ്രകാരം സർക്കാർ അധികമായി അനുവദിച്ചിട്ടുള്ളതാണ്.

<u>ശിപാർശ (ഖണ്ഡിക 30)</u>

2039-00-001-94-34-3—<u>എക്സൈസ് വകുപ്പിന്റെ നവീകരണം-മറ്റ് ചെലവുകൾ-മറ്റിനം</u>

കമ്പ്യൂട്ടർ വൽക്കരണം, ഇ-ഗവേണൻസ്, വാഹനങ്ങൾ, ഫീൽഡ് ഓഫീസുകളുടെ നവീകരണ പ്രക്രിയകൾ തുടങ്ങിയ വിവിധ പദ്ധതികൾക്കായി ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2016-2017 ഉപധനാഭ്യർത്ഥന മാർച്ച് 2017-ൽ 40 ലക്ഷം രൂപ 2039-00-001-94-21-1 ശീർഷകത്തിൽ അധികമായി അനുവദിച്ചിട്ടുള്ളതാണ്.

(സർക്കാർ കത്ത് നമ്പർ 85/എഫ്3/17/നി.വ. തീയതി, 27-4-2017)

**ധനാഭ്യർത്ഥന നമ്പർ X**

**ട്രഷറികളും അക്കൗണ്ടുകളും**

<u>ശിപാർശ (ഖണ്ഡിക 31)</u>

2054-00-098-99-02—<u>ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്-വേതനം</u>

ശമ്പള പരിഷ്കരണം നടപ്പിലാക്കിയ സാഹചര്യത്തിൽ, ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പിലെ ദിവസവേതന ജീവനക്കാരുടെ വേതനയിനത്തിലെ ചെലവിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2016-2017-ലെ ബഡ്ജറ്റ് വിഹിതമായ 45,64,000 രൂപയ്ക്ക് പുറമേ അധികതുക വകയിരുത്തൽ മുഖേന 18,06,000 രൂപ അനുവദിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ആകെ 58,77,845 രൂപ ചെലവഴിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 32)</u>

2054-00-098-99-04-(1)—<u>യാത്രാചെലവുകൾ-യാത്രാബത്ത</u>

ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ 14 ജില്ലാ കാര്യാലയങ്ങളിലും മറ്റ് സബ് ഓഫീസുകളിലും ജീവനക്കാരുടെ യാത്രാബത്തയിനത്തിൽ 2015-16 സാമ്പത്തിക വർഷത്തിലെ കുടിശ്ശിക നൽകാനുള്ളതിനാലും, പെർഫോമൻസ് ഗ്രാന്റ് ലഭിക്കുന്നതിനുവേണ്ടി മറ്റ് ഓഫീസുകളിൽ നിന്നും കൂടുതൽ ജീവനക്കാരെ വിന്യസിച്ച് 2 മാസത്തെ തുടർച്ചയായ ഓഡിറ്റിംഗ് പുരോഗമിക്കുന്നതിനാലും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ യാത്രാബത്ത ഇനത്തിൽ 1,76,00,000 രൂപ വകയിരുത്തിയതിൽ 1,75,98,223 രൂപ മാത്രം ചെലവഴിച്ചതിനാൽ അധികതുക അനുവദിക്കേണ്ട സാഹചര്യം ഉണ്ടായില്ല.

ശിപാർശ (ഖണ്ഡിക 33)

2054-00-098-99-06—വാടക, കരം, നികുതി

മുൻസിപ്പൽ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൊല്ലം ജില്ലാ ഓഡിറ്റ് കാര്യാലയം, വെൽഫയർ ഫണ്ട് ഓഡിറ്റ് കാര്യാലയം എന്നിവയുടെ 1-3-2011 മുതൽ 31-3-2016 വരെയുള്ള വാടക കുടിശ്ശിക ഒടുക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വാടക, കരം, നികുതി ഇനത്തിൽ 10,00,000 രൂപ വകയിരുത്തിയതിൽ 9,87,093 രൂപ മാത്രം ചെലവഴിച്ചതിനാൽ അധികതുക അനുവദിക്കേണ്ട സാഹചര്യം ഉണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ എസ്റ്റാ.ഡി2/185/2016-ധന., 11-5-2017)

**ധനാഭ്യർത്ഥന നമ്പർ XVI**
**പെൻഷനും പലവകയും**

ശിപാർശ (ഖണ്ഡിക 40)

2075-00-103-98—ഏജന്റുമാരുടെ കമ്മീഷൻ

ലോട്ടറി വിറ്റുവരവ് കൂടുന്നതിനനുസരിച്ച് ഡിസ്കൗണ്ട്, ഏജന്റിനുള്ള കമ്മീഷൻ എന്നീ ഇനങ്ങളിൽ ആനുപാതിക വർദ്ധനവുണ്ടാകുമെന്നതിനാൽ ഈ ശീർഷകത്തിൽ 731 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-2017 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ 2069.53 കോടി രൂപയിൽ 1593.82 കോടി രൂപ (നവംബർ വരെ) ചെലവഴിച്ചിട്ടുണ്ട്. വിറ്റുവരവിന്റെ ഏകദേശം 33 ശതമാനമാണ് ഡിസ്കൗണ്ട്/കമ്മീഷൻ എന്നീ ഇനങ്ങളിൽ വിനിയോഗിക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തെ ടാർജറ്റ് 8487 കോടി രൂപയാണ്. റവന്യൂ സമാഹരണത്തിൽ വകുപ്പ് ലക്ഷ്യം കൈവരിച്ചേക്കുമെന്ന പ്രതീക്ഷയിലാണ് ടി ശീർഷകത്തിൽ അധികമായി 731 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടത്. എന്നാൽ 500, 1000 എന്നീ നോട്ടുകളുടെ നിരോധനം ടിക്കറ്റ് വിൽപ്പനയെ പ്രതികൂലമായി ബാധിക്കുകയും ഇത് ചെലവിൽ പ്രതിഫലിക്കുകയും ചെയ്തിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷം 2075-00-103-98 സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെ കമ്മീഷൻ ഫോർ ഏജന്റ്സ് എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക വിനിയോഗിച്ച് തീരുന്നമുറയ്ക്ക് (90% വിനിയോഗം) തുടർന്നുള്ള മാസങ്ങളിൽ സമാഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന വിറ്റുവരവിന് ആനുപാതികമായ തുക അനുവദിക്കുന്ന കാര്യം പരിഗണിച്ചുന്നതാണ്.

ശിപാർശ (ഖണ്ഡിക 41)

2075-00-103-97—സമ്മാനദാനം

2016-17 സാമ്പത്തിക വർഷത്തെ ടിക്കറ്റ് വിൽപ്പന ലക്ഷ്യം 8487 കോടി രൂപയായി നിശ്ചയിച്ചിട്ടുള്ളതിനാൽ സമ്മാന വിതരണ ഇനത്തിൽ ഏകദേശം 3394 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1133 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ 2261.10 കോടി രൂപയിൽ 2031.95 കോടി രൂപ (നവംബർ വരെ) ചെലവഴിച്ചിട്ടുണ്ട്. വിറ്റുവരവിന്റെ ഏകദേശം 40 ശതമാനമാണ് സമ്മാനവിതരണത്തിനായി വിനിയോഗിക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തെ ടാർജറ്റ് 8487 കോടി രൂപയാണ്. റവന്യൂ സമാഹരണത്തിൽ വകുപ്പ് ലക്ഷ്യം കൈവരിച്ചേക്കുമെന്ന പ്രതീക്ഷയിലാണ് ടി ശീർഷകത്തിൽ അധികമായി 1133 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടത്. എന്നാൽ 500,1000 എന്നീ നോട്ടുകളുടെ നിരോധനം ടിക്കറ്റ് വിൽപ്പനയെ പ്രതികൂലമായി ബാധിക്കുകയും ഇത് സമ്മാന വിതരണത്തിൽ പ്രതിഫലിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക വിനിയോഗിച്ച് തീരുന്നമുറയ്ക്ക് (90% വിനിയോഗം) തുടർന്നുള്ള മാസങ്ങളിൽ സമാഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന വിറ്റുവരവിന് ആനുപാതികമായ തുക അനുവദിക്കുന്ന കാര്യം പരിഗണിയ്ക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 42)

2075-00-103-96(10)—കേരള സംസ്ഥാന ലോട്ടറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധിയിലേയ്ക്കുള്ള ഗവൺമെന്റ് സംഭാവന-സംഭാവന

2016-17 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയ തുക ഏജന്റുമാരുടെ പെൻഷൻ, ഉത്സവബത്ത, വിവാഹാനുകൂല്യം, മരണാനന്തര സഹായം തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിന് അപര്യാപ്തമായതിനാലും, 2008-ലെ കേരള ലോട്ടറീസ് ആന്റ് സെല്ലേഴ്സ് വെൽഫയർ ഫണ്ട് ക്ഷേമനിധി പദ്ധതി പ്രകാരം വാർഷിക വിറ്റുവരവിന്റെ 1% ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമപദ്ധതികൾ വിപുലീകരിക്കാൻ വിനിയോഗിക്കേണ്ടതിനാലും ഈ ശീർഷകത്തിൽ 69 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-2017 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയ 16 കോടി രൂപയും, 30-8-2016-ലെ സർക്കാർ ഉത്തരവ് നമ്പർ 7141/2016/ഫിൻ. പ്രകാരം അനുവദിച്ച 7,50,00,000 രൂപയും ആകെ (23,50,00,000) പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ട് (നവംബർ 2016 വരെ) ഈ സാമ്പത്തിക വർഷം ശേഷിക്കുന്ന മാസങ്ങളിലെ ചെലവുകൾക്കായി 20,00,00,000 രൂപ കൂടി അനുവദിക്കണമെന്ന ആവശ്യം പരിഗണനയിലാണ്.

ശിപാർശ (ഖണ്ഡിക 43)

2075-00-103-94-34-3—സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ് - മറ്റു ചെലവുകൾ-മറ്റിനം

ഭാഗ്യക്കുറി വകുപ്പിന്റെ പൊതുവായ നവീകരണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 സമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ 11 ലക്ഷം രൂപയിൽ നവംബർ 2016 വരെ 2,71,781 രൂപ ചെലവഴിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം, ആവശ്യം വരുന്നപക്ഷം അധിക ഫണ്ട് അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 44)

2075-00-103-94-99—വിവര സാങ്കേതിക വിദ്യ

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ഇ-ഓഫീസ്, ഇ-ട്രഷറി സംവിധാനം നടപ്പിലാക്കുന്നതിനും, പുതിയ സോഫ്റ്റ് വെയർ, ഹാർഡ് വെയർ, സെർവർ എന്നിവ ലഭ്യമാക്കുന്നതിനും, വകുപ്പിലെ ഐ.ടി. സംബന്ധമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ആധുനികവൽക്കരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 സമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ 1,00,000 രൂപ ടി ശീർഷകത്തിലെ ചെലവ് വഹിക്കുന്നതിന് അപര്യാപ്തമായിരുന്നതിനാൽ 1,36,00,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. അതിൽ നവംബർ മാസം വരെ 1,29,62,017 രൂപ വിനിയോഗിച്ചിട്ടുണ്ട്. ബാക്കി തുകയായ 6,37,983 രൂപ വിനിയോഗിച്ചതിനു ശേഷം, ആവശ്യം വരുന്നപക്ഷം അധികതുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 45)

2075-00-103-93-05—ജില്ലാ ഭാഗ്യക്കറി ഓഫീസുകൾ - ഓഫീസ് ചെലവുകൾ

വൈദ്യുതി ചെലവ്, ടെലഫോൺ ചെലവ് എന്നിവ വഹിക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ജില്ലാ ഭാഗ്യക്കറി ഓഫീസുകളിലെ ഓഫീസ് ചെലവുകൾ വഹിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക അപര്യാപ്തമായതിനാൽ 7,20,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം ശേഷിക്കുന്ന മാസങ്ങളിലെ ചെലവ് വഹിക്കുന്നതിന് 4,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന ആവശ്യം പരിഗണനയിലാണ്.

ശിപാർശ (ഖണ്ഡിക 46)

2075-00-103-93-06—വാടക, കരം, നികുതി

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ജില്ലാ ഭാഗ്യക്കറി ഓഫീസുകളിലെ വാടക ഇനത്തിൽ വരുന്ന ചെലവ് വഹിക്കുന്നതിന് ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 7 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക പൂർണ്ണമായും വിനിയോഗിച്ചതിനാൽ 3,00,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 47)

2075-00-103-93-21 -2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

മൂന്ന് ജില്ലാ ഭാഗ്യക്കറി ഓഫീസുകളിൽ ഉപയോഗിക്കുന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 75,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനാൽ അധികമായി 50,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 48)

2075-00-103-93-45—പി.ഒ.എൽ.

ജില്ലാ ഭാഗ്യക്കറി ഓഫീസുകളിൽ ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഇന്ധന ചെലവുകൾ വഹിക്കുന്നതിന് ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനാൽ 3,00,000 രൂപ കൂടി അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 994932/എച്ച് 1/2016/നിവ, തീയതി 7-3-2017)

ശിപാർശ (ഖണ്ഡിക 49)

2075-00-795-94—ക്ലാസ് IV ജീവനക്കാർക്ക് പെൺമക്കളുടെ വിവാഹത്തിന് നൽകുന്ന വായ്പ എഴുതിത്തള്ളൽ

വിവാഹ വായ്പ എഴുതിത്തള്ളുന്നത് സംബന്ധിച്ച് പുതിയ അപേക്ഷകൾ ലഭ്യമായ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 വർഷം ഈ ശീർഷകത്തിൽ 1000 രൂപയായിരുന്നു ബഡ്ജറ്റ് വിഹിതമായി നൽകിയിരുന്നത്. ടി ഇനത്തിൽ 2016-17 സാമ്പത്തിക വർഷം ലഭ്യമായ അപേക്ഷകൾ മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതലായതിനാൽ അധിക ധനാഭ്യർത്ഥന യിലൂടെ 2 ലക്ഷം രൂപ കൂടി അനുവദിക്കുകയുണ്ടായി. എന്നാൽ ഭരണവകുപ്പിൽ നിന്ന് ലഭ്യമായ ഭൂരിഭാഗം അപേക്ഷകളിലും അനുബന്ധ രേഖകളുടെ അഭാവത്താൽ നടപടി പൂർത്തിയാകാത്ത സാഹചര്യം നിലവിൽ വന്നതിനാൽ 35,000 രൂപ മാത്രമേ ചെലവാക്കാൻ കഴിഞ്ഞുള്ളൂ. ശേഷിച്ച 1,66,000 രൂപ സറണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 50)

2075-00-795-93—ചികിത്സയ്ക്ക് നൽകുന്ന പലിശരഹിത വായ്പ എഴുതിത്തള്ളൽ

മുൻ വർഷങ്ങളിലെ ചെലവുകൾ പരിശോധിച്ചതിൽ നിന്നും ഈ ഇനത്തിൽ 10 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2016-17 സാമ്പത്തിക വർഷം 1,000 രൂപയായിരുന്നു ചികിത്സയ്ക്ക് നൽകുന്ന പലിശ രഹിത വായ്പ എഴുതിത്തള്ളൽ ശീർഷകത്തിൽ അനുവദിച്ചിരുന്നത്. എന്നാൽ ടി തുക, ലഭ്യമായ അപേക്ഷകൾ കണക്കിലെടുത്ത് മതിയാകാതെ വന്ന സാഹചര്യത്തിൽ അധിക ധനാഭ്യർത്ഥനയിലൂടെ 10 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആയതിൽ 3,50,389 രൂപ ചെലവായിട്ടുണ്ട്. ഈ ശീർഷകത്തിൽ ബാക്കി വന്ന തുകയായ 6,50,611 രൂപ സറണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എൽ2/265/2017-ധന തീയതി 5-5-2017)

<u>ശിപാർശ (ഖണ്ഡിക 51)</u>

2075-00-800-98—<u>രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി</u>

അക്കാദമിക്ക് സ്വന്തമായി ഓഫീസ് കെട്ടിടം നിർമ്മിക്കുക, വിമാന എഞ്ചിൻ മാറ്റുക, സിംഗിൾ എഞ്ചിൻ വിമാനം വാങ്ങുക, സീപ്ലെയിൻ വാങ്ങുക എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ 1577.81 ലക്ഷം രൂപ പദ്ധതിയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2017-18-ലെ സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ)-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയിന്മേൽ രാഗാട്ട് ഉന്നയിച്ച ആവശ്യങ്ങൾക്കായി 12.78 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ട്.

രാഗാട്ടിന്റെ ആവശ്യങ്ങൾ പരിഗണിക്കുന്നത് സംബന്ധിച്ച് എക്സ്പേർട്ട് കമ്മിറ്റി കൂടി ഉന്നതതലത്തിൽ തീരുമാനമെടുത്ത ശേഷം ആവശ്യമെങ്കിൽ സമിതി ശിപാർശ ചെയ്ത തുക അടുത്ത സാമ്പത്തിക വർഷം (2017-18) ചട്ടപ്രകാരം നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ് എന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരിക്കുന്നു.

2016-17 സാമ്പത്തിക വർഷം അവസാനിച്ചതിനാൽ 2016-17 ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 51-ാമത്തെ ഖണ്ഡികയിലെ 2075-00-800-98 ശീർഷകത്തിൽ 15.7781 കോടി പദ്ധതിയിനത്തിൽ അനുവദിക്കണമെന്ന സമിതിയുടെ ശിപാർശ അംഗീകരിക്കാൻ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ബി1/08/2017/കായുവ., 15-5-2017)

ശിപാർശ (ഖണ്ഡിക 52)

2075-00-800-81—കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അംശദാനം

നിലവിലുള്ള ഹജ്ജ് ഹൗസിനോടനുബന്ധിച്ച് അഡീഷണൽ ബ്ലോക്കിന്റെ പണി പൂർത്തിയാക്കാനാ വശ്യമായ തുക ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

14-7-2015 ലെ സ.ഉ. (സാധാ) 1757/15/ആഭ്യന്തരം പ്രകാരം ഹജ്ജ് ഹൗസിന്റെ അഡീഷണൽ ബ്ലോക്ക് നിർമ്മാണത്തിനായി 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് അഡീഷണൽ ബ്ലോക്ക് നിർമ്മാണത്തിനായി 18 കോടി രൂപയുടെ എസ്റ്റിമേറ്റ് സംസ്ഥാന ഹജ്ജ് കമ്മിറ്റി സമർപ്പിക്കുകയും ആയതിനുള്ള ഭരണാനുമതി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. 2015-16 വർഷത്തെ ധനാഭ്യർത്ഥനയുടെ സൂക്ഷ്മ പരിശോധനക്കായുള്ള വിഷയനിർണ്ണയ സമിതിയുടെ 5ാം റിപ്പോർട്ടിലെ 35-ാമത് ഖണ്ഡികയിലും നിലവിലുള്ള ഹജ്ജ് ഹൗസിനോടനുബന്ധിച്ച് അഡീഷണൽ ബ്ലോക്കിന്റെ പണി പൂർത്തീകരിക്കുന്നതിനായി 16 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്തിരുന്നു. വിഷയനിർണ്ണയ സമിതി (VIII)-യുടെ 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിക്കായി 18 കോടി രൂപയുടെ ഭരണാനുമതി നൽകുന്ന വിഷയത്തിൽ യോജിപ്പിനായി ഫയൽ ധനകാര്യ വകുപ്പിലേക്ക് നൽകിയപ്പോൾ ധനകാര്യ വകുപ്പ് താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി 18 കോടി രൂപയുടെ ഭരണാനുമതി നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടു.

(1) The State Government assistance will be strictly limited to 2 crore.

(2) The remaining of the expenses towards cost of construction will be met by Haj Committee from funds of State & Central Haj Commitee, as own funds and through contributions from individuals / institutions as per relevant guidelines of the Government.

(3) The State Government assistance will be apart from budgetary allocations provided by way of grant in aid.

(4) The amount so provided will be one time assistance for the purpose.

മുഴുവൻ തുകയും ലഭ്യമാക്കിയാൽ മാത്രമേ ഭരണാനുമതി നൽകുന്നതുകൊണ്ടുള്ള ഗുണഫലം ലഭിക്കുകയുള്ളൂ. ആയത് ലഭ്യമാക്കുന്ന നടപടികൾക്കായി ഈ വിഷയം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നു.

(സർക്കാർ കത്ത് നമ്പർ 95545/എഫ്3/2016/ആഭ്യന്തരം. 16-5-2017)

ശിപാർശ (ഖണ്ഡിക 53)

2075-00-800-54—സർക്കാർ വകുപ്പുകൾക്കു വേണ്ടി സ്ഥലം പൊന്നും വിലയ്ക്ക് എടുക്കുന്നതു സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കുന്നതിനായി കോടതിയിൽ കെട്ടിവെയ്ക്കൽ മൊത്ത തുക

2016-17 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്ത മായതിനാലും കോടതി കേസുകൾക്കുള്ള ചെലവ് ഈ വർഷം കൂടാൻ സാധ്യതയുള്ളതിനാലും കാലതാമസത്തിന് 15% പലിശ സർക്കാർ വഹിക്കേണ്ടതിനാലും ഈ ശീർഷകത്തിൽ 50 കോടി രൂപ അധിമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2075-00-800-54 ശീർഷകത്തിൽ 2016-17 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 50,00,00,000 രൂപയ്ക്ക് (50 കോടി രൂപ മാത്രം) പുറമേ അഡീഷണൽ ഓതറൈസേഷനായി 1,63,93,000 രൂപയും (ഒരു കോടി അറുപത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം രൂപ മാത്രം) ഉപ ധനാഭ്യർത്ഥന വഴി 2,00,00,000 രൂപയും (രണ്ട് കോടി രൂപ മാത്രം) അനുവദിച്ചിരുന്നു. ഇപ്രകാരം ലഭ്യമായ 53,63,93,000 രൂപയിൽ (അമ്പത്തി മൂന്ന് കോടി അറുപത്തി മൂന്ന് ലക്ഷം തൊണ്ണൂറ്റി മൂവായിരം രൂപ മാത്രം) 51,23,17,395 രൂപ 16-03-2017-വരെ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ടായിരുന്നു. പ്രസ്തുത തുകയിൽ ജില്ലാ കളക്ടർമാർ ചെലവഴിക്കാതിരുന്ന ₹ 7,49,36,961 (ഏഴ് കോടി നാൽപ്പത്തൊമ്പത് ലക്ഷത്തി മുപ്പത്തിയാറായിരത്തി തൊള്ളായിരത്തി അറുപത്തിയൊന്ന് രൂപ) സറണ്ടർ ചെയ്തിട്ടുണ്ട്. കൂടാതെ 2017-18 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ 50 കോടി രൂപ വകയിരുത്തിയിട്ടുമുണ്ട്.

**ധനാഭ്യർത്ഥന നമ്പർ XLV**

**പലവക വായ്പകളും മുൻകൂറുകളും**

ശിപാർശ (ഖണ്ഡിക 55)

7610-00-201-99—ഭവന നിർമ്മാണ വായ്പകൾ - അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥൻമാർ

ഏഴാം ശമ്പള കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് വായ്പ തുക 25 ലക്ഷമായി വർദ്ധിപ്പിച്ചതിനാൽ പുതിയ അപേക്ഷകൾ ലഭ്യമാകാൻ സാദ്ധ്യതയുണ്ട്. ആയതിനാൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷം ടി ഇനത്തിൽ അപേക്ഷകർ ഉണ്ടായിരുന്നില്ല ആയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ (ഖണ്ഡിക 56)

7610-00-201-98—ഭവന നിർമ്മാണ വായ്പകൾ - സംസ്ഥാനസർവ്വീസ് ഉദ്യോഗസ്ഥൻമാർ

2016-17 സാമ്പത്തിക വർഷത്തിൽ മൂവായിരത്തോളം ഭവന നിർമ്മാണ വായ്പ അപേക്ഷകൾ ലഭ്യമായിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 219 കോടി രൂപ അധിമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷം ഭവന നിർമ്മാണ വായ്പ ഇനത്തിൽ വകയിരുത്തിയ 210 കോടി രൂപയ്ക്ക് പുറമേ 223,64,29,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 471171/എച്ച്.ബി.എ 2/93/2017-ധന. തീയതി 5-5-2017)

**ധനാഭ്യർത്ഥന നമ്പർ XLVI**

**സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും**

ശിപാർശ (ഖണ്ഡിക 57)

2235-60-110-99-06—സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ്-വാടക, കരം, നികുതി

ഹൗസിംഗ് ബോർഡിൽ ആസ്ഥാന കാര്യാലയം പ്രവർത്തിച്ചിരുന്നപ്പോഴുള്ള വാടക കുടിശ്ശിക നൽകിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വാടക, കരം, നികുതി ഇനത്തിൽ 40,00,000 രൂപ വകയിരുത്തിയതിൽ 39,31,840 രൂപ മാത്രം ചെലവഴിച്ചതിനാൽ അധിക തുക അനുവദിക്കേണ്ട സാഹചര്യം ഉണ്ടായില്ല.

ശിപാർശ (ഖണ്ഡിക 58)

2235-60-110-99-21 (1)—മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

14 ജില്ലാ ഓഫീസുകളിലേയ്ക്കും ഓരോ വാഹനം ലഭ്യമാക്കേണ്ടതുള്ളതിനാൽ ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ വാഹനം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഈ സാമ്പത്തിക വർഷം പരിഗണനയ്ക്ക് വരാത്തതിനാൽ തുക അനുവദിക്കേണ്ടതായി വന്നില്ല.

ശിപാർശ (ഖണ്ഡിക 59)

2235-60-110-98-01 (4)—ജില്ലാ ഓഫീസുകൾ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ ജില്ലാ ഓഫീസുകളിലെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റിന് വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-2017-ലെ ബഡ്ജറ്റ് വിഹിതമായ 2,00,000 രൂപയ്ക്ക് പുറമേ അധികതുക വകയിരുത്തൽ മുഖേന 4,79,000 രൂപയും ധനപുനർവിനിയോഗം മുഖേന 2,55,000 രൂപയും അനുവദിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ആകെ 9,21,152 രൂപ ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 60)

2235-60-110-98-05 (4)—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

വാണിജ്യ സ്വഭാവമുള്ള വകുപ്പായതിനാൽ സ്റ്റേഷനറി സാധനങ്ങൾക്ക് വില ഈടാക്കുന്നതിന് ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മറ്റിനത്തിൽ 4,50,000 രൂപ വകയിരുത്തിയതിൽ 4,46,543 രൂപ മാത്രം ചെലവഴിച്ചതിനാൽ അധികതുക അനുവദിക്കേണ്ട സാഹചര്യം ഉണ്ടായില്ല.

ശിപാർശ (ഖണ്ഡിക 61)

2235-60-110-97—സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ്-കമ്പ്യൂട്ടർ വൽക്കരണം

കമ്പ്യൂട്ടർ വൽക്കരണത്തിനായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 80 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-2017 ലെ ബഡ്ജറ്റ് വിഹിതമായ 20,00,000 രൂപയ്ക്ക് പുറമേ അധികതുക വകയിരുത്തൽ മുഖേന 36,42,000 രൂപ അനുവദിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ആകെ 56,41,837 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എസ്റ്റ്.ഡി2/185/2016-ധന. തീയതി 11-5-2017)

822/2017.

<u>ഭാഗം 2</u>

2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ഖണ്ഡികകൾ

| ക്രമ നമ്പർ | വകുപ്പ് | ഖണ്ഡികനമ്പർ |
|---|---|---|
| 1 | നികുതി | 1-12, 15,16 |
| 2 | ധനകാര്യം | 34-39, 54 |

ഡോ. ടി. എം. തോമസ് ഐസക്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2017 മേയ് 22.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.